**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.8003** **24.07.12 ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിൽ പ്രതിദിനം ലഭിക്കുന്ന വരുമാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിൽ പ്രതിദിനം ലഭിക്കുന്ന വരുമാനം എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ; | (എ) | 2011-2012 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ നിന്നും ലഭിച്ച വരുമാനം ഇനം തിരിച്ച് കണക്കാക്കിയിട്ടില്ല. എന്നാൽ മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിലെ 2011-12 വർഷത്തെ ആകെ വരുമാനവും ശരാശരി പ്രതിദിന വരുമാനവും കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള എത്ര ചെക്ക്പോസ്റ്റുകളിൽ വെയിംഗ് ബ്രിഡ്ജ് ഇല്ല ; അവ ഏതെല്ലാമാണ് ; | (ബി) | മോട്ടോർ വാഹന വകുപ്പിന് സംസ്ഥാനത്തുടനീളം 19 ചെക്ക് പോസ്റ്റുകളാണുള്ളത്. ഇവിടെയൊന്നും വകുപ്പിന് സ്വന്തമായി വേയിംഗ് ബ്രിഡ്ജുകൾ ഇല്ല. ചെക്ക്പോസ്റ്റുകൾ താഴെപ്പറയുന്നവയാണ്.<br>അമരവിള, കറുംകുട്ടി, പൂവാർ, ആര്യങ്കാവ്, കമിളി, വാളയാർ (ഇൻ), വാളയാർ (ഔട്ട്) ഗോപാലപുരം, വേലന്താവളം, നടുപ്പുണ്ണി, ഗോവിന്ദപുരം, മീനാക്ഷിപുരം, വഴിക്കടവ്, മുത്തങ്ങ, കാട്ടിക്കുളം, ഇരിട്ടി, നീലേശ്വരം, മഞ്ചേശ്വരം, പെർള. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം 2 പോർട്ടബിൾ വേയിംഗ് മെഷീനുകൾ വാങ്ങിച്ചതിൽ ഒരെണ്ണം |

| | | | |
|---|---|---|---|
| | | | ആര്യങ്കാവ് ചെക്ക് പോസ്റ്റിലും മറ്റൊന്ന് പേർള ചെക്ക് പോസ്റ്റിലും ഉപയോഗിച്ചുവരുന്നു. |
| (സി) | വെയിംഗ് ബ്രിഡ്ജ് ഇല്ലാത്ത ചെക്പോസ്റ്റുകളിൽ ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | 14.05.2012 ൽ മൂന്ന് ഇലക്ട്രോണിക് പിറ്റ്മൗണ്ടഡ് വെയിംഗ് ബ്രിഡ്ജുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നടപ്പ് സാമ്പത്തിക വർഷം മോട്ടോർ വാഹന വകുപ്പിന്റെ സ്വന്തം സ്ഥലത്തു പ്രവർത്തിക്കുന്ന മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളായ ആര്യങ്കാവ് (കൊല്ലം), മഞ്ചേശ്വരം (കാസർകോട്), പേർള (കാസർകോട്) എന്നിവിടങ്ങളിലോ അല്ലെങ്കിൽ വകുപ്പിന് സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മറ്റേതെങ്കിലും അനുയോജ്യമായ സ്ഥലത്തോ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | Average daily collection details of Check posts | | |
|---|---|---|---|
| Sl.No | Check Posts | 2011-2012 | Average daily collection |
| 1 | Amaravila | 23104740 | 63300 |
| 2 | Poovar | 5610110 | 15370 |
| 3 | Aryankavu | 15468470 | 42379 |
| 4 | Kumily | 12186400 | 33387 |
| 5 | Vazhikadavu | 6431290 | 17619 |
| 6 | Walayar (IN) | 70959625 | 194409 |
| 7 | Walayar (OUT) | 12020210 | 32932 |
| 8 | Velanthavalam | 6679140 | 18299 |
| 9 | Gopalapuram | 13076240 | 35825 |
| 10 | Govindapuram | 10604246 | 29052 |
| 11 | Meenakshipuram | 5590030 | 15315 |
| 12 | Nadupunni | 3791670 | 10388 |
| 13 | Iritty | 17260500 | 47289 |
| 14 | Kattikkulam | 7184450 | 19683 |
| 15 | S. Battery | 30905986 | 84673 |
| 16 | Neeleswaram | 6038566 | 16544 |
| 17 | Thalapady | 32002690 | 87678 |
| 18 | Adkasthala [Perk] | 4240580 | 11618 |
| | TOTAL | 283154943 | 775760 |
| | | | |

ഉമ്മൻ ചാണ്ടി